# വാർത്താക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: **0471-2328158**
MOBILE : **8281000127**

**www.sec.kerala.gov.in**

Email:
**pro2025sec@gmail.com**
**cru.sec@kerala.gov.in**
**electionker@gmail.com**

**06 December 2025**

## വോട്ടെടുപ്പിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി : ജില്ലാ കളക്ടർമാർ

വോട്ടെടുപ്പിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായതായി ഇതു സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ വിളിച്ചുചേർത്ത ഓൺലൈൻ യോഗത്തിൽ ജില്ലാ കളക്ടർമാർ അറിയിച്ചു.

പരസ്യപ്രചാരണം അവസാനിക്കുന്ന സമയത്ത് നടക്കുന്ന കൊട്ടിക്കലാശം ക്രമസമാധാനപ്രശ്നങ്ങളുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്നും വിതരണ കേന്ദ്രങ്ങളിൽ പോളിങ് സാമഗ്രികളുടെ വിതരണം സുഗമമാക്കാനുള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടെന്നും കളക്ടർമാർ പറഞ്ഞു. പോളിങ് സ്റ്റേഷനുകളിൽ വോട്ടർമാർക്ക് ഇരിക്കാനുള്ള സൗകര്യം, കുടിവെള്ളം, ക്യൂ നിൽക്കുന്നതിനുള്ള സൗകര്യം എന്നിവ ഉറപ്പാക്കണം. ഭിന്നശേഷിക്കാർക്കും ശാരീരിക അവശതയുള്ളവർക്കും പോളിങ് സ്റ്റേഷനിൽ പ്രത്യേക സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്.

പോളിംഗ് സ്റ്റേഷനുകളായും, സ്വീകരണ വിതരണ കേന്ദ്രങ്ങളായും നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങൾക്ക് വോട്ടെടുപ്പ് ദിവസവും അതിന്റെ തലേന്നും, വോട്ടെണ്ണൽ കേന്ദ്രമായി നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള സ്ഥാപനങ്ങൾക്ക് വോട്ടെണ്ണൽ ദിവസവും ആവശ്യാനുസരണം അവധി അനുവദിക്കാൻ കമ്മീഷണർ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

തിരഞ്ഞെടുപ്പ് നടക്കുന്ന പ്രദേശങ്ങളിൽ വോട്ടെടുപ്പ് അവസാനിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ടുമുമ്പുള്ള 48 മണിക്കൂർ സമയത്തേയ്ക്കും, വോട്ടെണ്ണൽ ദിവസവും സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കിയെന്നുറപ്പാക്കണം. ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും കമ്മീഷണർ ആവശ്യപ്പെട്ടു.

പ്രശ്നബാധിതമായി കണ്ടെത്തിയിട്ടുള്ള പോളിങ് സ്റ്റേഷനുകളിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കണം. മലയോര ജില്ലകളിൽ വന്യജീവി സംഘർഷമുള്ള പ്രദേശങ്ങളിലെ പോളിങ് സ്റ്റേഷനുകളിൽ വോട്ടർമാർക്ക് സുരക്ഷിതമായി എത്തിച്ചേരാനുള്ള സൗകര്യങ്ങൾ ഒരുക്കുകയും വനംവകുപ്പിൽ നിന്നും ആവശ്യമായ സഹായം പോളിങ് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുകയും വേണമെന്ന് കമ്മീഷണർ പറഞ്ഞു.

പ്രത്യേകം പ്രത്യേകമായി വിളിച്ചു ചേർത്ത തിരഞ്ഞെടുപ്പ് നിരീക്ഷകരുടെയും ചെലവ് നിരീക്ഷകരുടെയും ഓൺലൈൻ യോഗങ്ങളിലും ജില്ലകളിലെ വോട്ടെടുപ്പിനു തൊട്ടുമുൻപുള്ള സ്ഥിതിവിശേഷം തിരഞ്ഞെടുപ്പ് കമ്മീഷണർ അവലോകനം ചെയ്തു.

(എസ്.ഇ.സി 99/ 2025)

## ശബരിമല വിഷയം ഉൾപ്പെടുത്തിയ ലഘുലേഖയ്ക്കെതിരെ നടപടി

ശബരിമല വിഷയവുമായി ബന്ധപ്പെട്ട് 'ബി.ജെ.പി കേരളം' വിതരണം ചെയ്യുന്നു എന്നാരോപിച്ചുള്ള പരാതിയിൽ സൂചിപ്പിക്കുന്ന ലഘുലേഖയ്ക്കെതിരെ സംസ്ഥാന

തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടി ആരംഭിച്ചു. സിപിഐ(എം) സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ നൽകിയ പരാതിയെ തുടർന്നാണ് നടപടി.

കമ്മീഷന് ലഭിച്ച പരാതിയോടൊപ്പം സമർപ്പിച്ച ലഘുലേഖ, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 124, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 148 പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. നിയമവ്യവസ്ഥകൾ പാലിക്കാത്ത ഈ ലഘുലേഖകൾ കണ്ടെത്തിയാൽ ഉടൻ നശിപ്പിക്കാനും നിയമാനുസൃത നടപടിയെടുക്കാനും കമ്മീഷൻ ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകി.

(എസ്.ഇ.സി 100/ 2025)

## തദ്ദേശ തിരഞ്ഞെടുപ്പ് : കേന്ദ്രസർക്കാർ ജീവനക്കാർക്ക് വോട്ട് ചെയ്യാൻ സൗകര്യം

സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ ഓഫീസുകളിലെ വോട്ടർമാരായ ജീവനക്കാർക്ക് സാധാരണ സേവന ആവശ്യകതകൾക്ക് വിധേയമായി വോട്ട് ചെയ്യാൻ അനുമതി ലഭിക്കും. ഓഫീസിൽ വൈകി വരികയോ, നേരത്തെ പോകാൻ അനുവദിക്കുകയോ അല്ലെങ്കിൽ വോട്ടെടുപ്പ് ദിവസം പ്രത്യേക സമയം അനുവദിച്ചുകൊണ്ടോ ന്യായമായ സൗകര്യം നൽകുമെന്ന് കേന്ദ്ര സർക്കാരിന്റെ പേഴ്സണൽ & ട്രെയിനിങ് വകുപ്പ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു.

ഇക്കാര്യം ആവശ്യപ്പെട്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്രസർക്കാരിന് കത്ത് അയച്ചിരുന്നു.

(എസ്.ഇ.സി 101/ 2025)

## പോസ്റ്റ് ഓഫീസുകൾ വൈകിട്ട് 6 വരെ പ്രവർത്തിക്കും

രണ്ടാംഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലെ പോസ്റ്റ് ഓഫീസുകൾ ഡിസംബർ 8 ന് വൈകിട്ട് 6 വരെ തുറന്നു പ്രവർത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതായി പോസ്റ്റ് മാസ്റ്റർ ജനറൽ തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു. ആദ്യഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ ഡിസംബർ 6 ന് വൈകുന്നേരം 6 വരെയാണ് പോസ്റ്റ് ഓഫീസുകളുടെ പ്രവർത്തന സമയം.

പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷകളും പോസ്റ്റൽ ബാലറ്റുകളും അയക്കുന്നതിനും സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഈ നടപടി.

(എസ്.ഇ.സി 102/ 2025)

---